# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

03.12.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1516

**മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങളും സാറ്റലൈറ്റ് ഫോണും**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങളും സാറ്റലൈറ്റ് ഫോണും ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ? | (എ) | ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ 1500 കി.മീ. വിസ്തൃതിയിൽ അപകടമുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ നാവിക് എന്ന ഉപകരണം ഐ.എസ്.ആർ.ഒ വികസിപ്പിച്ചെടുക്കുകയും ആയതിന്റെ സാങ്കേതികവിദ്യ കെൽട്രോണിന് കൈമാറുകയും കെൽട്രോൺ വ്യാവസായികാടിസ്ഥാനത്തിൽ നാവിക് നിർമ്മിച്ച് തുടങ്ങുകയും ചെയ്തിട്ടുണ്ട്. 15000 എണ്ണം നാവിക് ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകുകയും 15.93 കോടി രൂപയുടെ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതനുസരിച്ച് കെൽട്രോണുമായി കരാർ ഒപ്പ് വച്ചിട്ടുണ്ട്. 30/11/2018 ലെ ഓഖി വാർഷിക അനുസ്മരണ സമ്മേളനത്തിൽ വെച്ച് മത്സ്യത്തൊഴിലാളികൾക്ക് നാവിക് വിതരണ ഉദ്ഘാടനം ചെയ്തു. ഇത് കൂടാതെ ബി.എസ്.എൻ.എൽ മുഖാന്തിരം 1000 സാറ്റ് ലൈറ്റ് ഫോൺ വിതരണം ചെയ്യുന്നതിന് 9.4261 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്. 500 എണ്ണം 90% സബ്സിഡിയോടെ പരമ്പരാഗതയാനങ്ങൾക്കും 500 എണ്ണം 50% സബ്സിഡിയോടെ മെക്കനൈസ്ഡ് ബോട്ടുകൾക്കും നൽകുന്നതിനാണ് ഉത്തരവായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ